# ദുക്റാനത്തിരുനാൾ

**യോഹ 20:24-29**

**വചനസന്ദേശം**

**റവ.ഫാ. എബിൻ ചിറയ്ക്കൽ**

പ്രാർത്ഥിക്കാൻ പള്ളിയിലേക്ക് കയറാൻ തുടങ്ങിയപ്പോഴാണ് ഫോൺ അടിച്ചത്. ഞാൻ പള്ളിയിൽ പ്രാർത്ഥിക്കാൻ വന്നതാണ്. പോടാ, വല്ല ഷോപ്പിംഗ് മാളിലുമായിരിക്കും. ഇല്ലെടാ, സത്യം - ഞാൻ പള്ളിയിലാ. ഞാൻ ഇത് വിശ്വസിക്കില്ല. നീ ഒരു കാര്യം ചെയ്യ്, നീ നിൽക്കുന്ന പള്ളിയുടെ മുമ്പിൽ നിന്ന് ഒരു സെൽഫിയെടുത്ത് വാട്ട്സ്ആപ്പിൽ ഇട്, പള്ളി ബാക്ക്ഗ്രൗണ്ടിൽ വേണം കേട്ടോ. എന്നാൽ ഞാൻ വിശ്വസിക്കാം. ദൈവമേ, ഇവനൊക്കെ കണ്ടാലേ വിശ്വസിക്കൂ. അവൻ പറഞ്ഞതുപോലെ ചെയ്തതിനു ശേഷം പള്ളിയിൽ കയറി, ആദ്യം നോക്കിയത് മാർത്തോമ്മാ ശ്ലീഹായുടെ രൂപമായിരുന്നു. മൊബൈലിൽ കണ്ടും തൊട്ടും വിശ്വസിക്കുന്ന ന്യൂജനറേഷൻ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു വേണ്ടി കൈകൂപ്പി ഇപ്രകാരം പ്രാർത്ഥിച്ചു. എന്റെ കർത്താവേ, എന്റെ ദൈവമേ.

മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമികളായ നമ്മൾ ജീവിതത്തിൽ പലപ്പോഴും ഈ ന്യൂജെൻ വിശ്വാസപാരമ്പര്യം പേറുന്നവരായി മാറിക്കൊണ്ടിരിക്കുകയാണ്. എന്തിനും ഏതിനും തെളിവ് തേടുകയും അതിൽ മാത്രം ആശ്രയിക്കുകയും ചെയ്യുന്നവരായി നമ്മൾ മാറുന്നു എന്നത് സത്യമാണ്. എന്നാൽ യഥാർത്ഥ ക്രിസ്ത്യാനിയാകണമെങ്കിൽ തോമാശ്ലീഹായുടെ ജീവിതം ഒന്ന് ആഴത്തിൽ പഠിക്കണമെന്നതാണ്. ദീദിമോസ് എന്ന തോമസ് മറ്റ് ശിഷ്യന്മാരോട് യേശുവിനൊപ്പം മരിക്കാൻ നമുക്കും പോകാം എന്ന് പറയാൻ തക്ക, മരിക്കാൻ തയ്യാറായിട്ടുള്ള ചങ്കുറപ്പുള്ള ഒരു ചെറുപ്പക്കാരനായിരുന്നു. എന്നാൽ പിന്നീട് എവിടേക്കു പോകും എന്ന് ഞങ്ങൾക്ക് അറിയില്ല, പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും എന്നു പറഞ്ഞ് പകച്ചു നിൽക്കുന്നതായി നമ്മൾ സുവിശേഷത്തിൽ കണ്ടുമുട്ടുന്നുണ്ട്. മരിക്കാൻ തയ്യാറായവൻ വഴി അറിയാതെ തപ്പിത്തടയുന്ന ഒരുവനായി മാറിപ്പോവുകയാണ്. നമ്മുടെ ജീവിതവും ഇതുപോലെയാണ്. തുടക്കത്തിൽ നമുക്കു നല്ല ആത്മധൈര്യം ഉണ്ട്. എന്നാൽ വിശ്വാസം, ജീവിതത്തിന്റെ ഭാരത്താൽ ആ ആത്മധൈര്യം ചോർന്നുപോകുന്ന ഒരു അനുഭവം നമ്മുടെ ജീവിതത്തിലും ഉണ്ടാകാറുണ്ട്. ധ്യാനം കൂടി നന്നായി, പുതിയ ജീവിതം ആരംഭിക്കുന്നതിന്റെ ഭാഗമായിട്ട് എല്ലാ ദിവസവും കുടുംബപ്രാർത്ഥനയ്ക്കു പങ്കെടുക്കുകയും അനുദിനം ഇടവക പള്ളിയിൽ വിശുദ്ധ കുർബാനയിൽ സംബന്ധിക്കുകയും, ദാനധർമ്മം നടത്തുകയും, മറ്റുള്ളവരെ സഹായിക്കുകയും ചെയ്യുന്ന ചേട്ടൻ, ജീവിതത്തിൽ ആവർത്തന വിരസത നേരിടുമ്പോൾ വീണ്ടും പഴയ ജീവിതത്തിലേക്കു പോകുന്ന ഒരു അനുഭവമുണ്ടാകുന്ന അവസ്ഥയിലാണ് തോമസ്. താൻ ക്രിസ്തുവിനോടുകൂടെ ജീവിച്ച് അവനെ പിൻചെല്ലുന്നതിലുണ്ടായ തീക്ഷ്ണത നഷ്ടമാകുകയാണ്. എന്നാൽ ഈശോയുടെ മരണശേഷം തോമസ് എന്ന ധീരനായ ശിഷ്യനുണ്ടായ മാറ്റം എന്നു പറയുന്നത് അദ്ഭുതാവഹമാണ്. മറ്റ് ശിഷ്യന്മാരുടെ അടുക്കൽ എത്തിയപ്പോഴാണ് തോമസ് അറിയുന്നത് തന്റെ ഗുരു താൻ ഇല്ലാതിരുന്ന സമയത്ത് മറ്റുള്ളവർക്ക് പ്രത്യക്ഷപ്പെട്ടിരിക്കുന്നു എന്ന്. തനിക്കു നഷ്ടമായ ദൈവാനുഭവം, ക്രിസ്താനുഭവം വേണം എന്ന വാശിയിലാണ് തന്റെ പ്രിയ ഗുരുവിന്റെ മാറിലെ മുറിവിലൊന്നു തൊടണം, നിങ്ങൾ കണ്ട ഗുരുവിന്റെ മാറിൽ ഒന്ന് തൊടണം എന്ന ആഗ്രഹം തോമസിന് ഉണ്ടായത്. യേശുവുമായുള്ള ബന്ധത്തിൽ മറ്റുള്ളവരെക്കാൾ ഒരുപടി മുന്നിൽ നിൽക്കണം എന്നാണ് തോമസ് ആഗ്രഹിച്ചത്.

പ്രിയപ്പെട്ടവരെ നമ്മുടെ വിശ്വാസജീവിതത്തിൽ മറ്റുള്ളവരെക്കാൾ ഒക്കെ ഒരുപടി മുന്നിൽ യേശുവുമായുള്ള ബന്ധത്തിൽ വളരുവാൻ നമുക്കു സാധിക്കണം. ദുക്റാന തിരുനാൾ നമ്മളെ ഓർമ്മിപ്പിക്കുന്നത് ഇതുതന്നെയാണ്. യേശുവുമായുള്ള എന്റെ ബന്ധം എപ്രകാരമുള്ളതാണ്. അവിടുത്തെ സ്നേഹത്തിനു വേണ്ടി തന്റെ ജീവൻ പോലും ത്യജിക്കാൻ തയ്യാറായ തോമാശ്ലീഹായുടെ തീക്ഷ്ണത നമ്മുടെ ജീവിതത്തിലുണ്ടാകുവാൻ വേണ്ടി നമുക്കു പ്രാർത്ഥിക്കാം. തോമാശ്ലീഹ ഒരിക്കൽ പോലും ഈശോയുടെ മുറിവുകളിൽ വിരലുകൾ ഇടുന്നില്ല. പക്ഷേ, യേശുവിനെ മനസ്സു കൊണ്ടു തൊട്ടറിഞ്ഞവനാണ്. ഈ ഒരു തീക്ഷ്ണതയാണ് 3000 കി.മീ. മുകളിൽ

യാത്ര ചെയ്ത് ഒരു പരിചയം പോലുമില്ലാത്ത ഇന്ത്യാ രാജ്യത്തേയ്ക്കു സുവിശേഷം പേറി കടന്നുവരാൻ തോമസിനെ പ്രേരിപ്പിച്ചത്. നമ്മുടെ ജീവിതത്തിൽ നാം ആയിരിക്കുന്ന ഇടങ്ങളിൽ അത് കുടുംബത്തിലാകാം, ജോലി ചെയ്യുന്ന ഇടത്താകാം, സമൂഹത്തിലാകാം, ക്രിസ്തുവിന് ധീരമായ സാക്ഷ്യം വഹിക്കാൻ നമുക്കു സാധിക്കണം.

ഈശോയുടെ ഹൃദയത്തുടിപ്പുകൾ പോലും തൊട്ടറിഞ്ഞ തോമാശ്ലീഹായുടെ പിൻഗാമികളായ നമ്മൾ നമ്മുടെ ജീവിതത്തിൽ ഈ ലോകജീവിതത്തിന്റെ മനുഷ്യരാകാതെ ഈശോയുടെ ഹൃദയത്തിന് ഇണങ്ങിയ മനുഷ്യരാകാൻ പരിശ്രമിക്കാം. അപ്പോഴാണ് നമുക്കും തോമാശ്ലീഹായെപ്പോലെ എന്റെ കർത്താവേ, എന്റെ ദൈവമേ എന്ന് ഹൃദയത്തിൽ തൊട്ടുപറയാൻ സാധിക്കുക. ഏവർക്കും ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവം നേരുന്നു.